# ഡിഡിയുജികെവൈയുടെ ശക്തിയായി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ




**എസ്. ഹരികിഷോർ ഐ എ എസ്**

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**


കേരളത്തിൽ തൊഴിലന്വേഷിക്കുന്ന യുവതീയുവാക്കൾക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയുജികെവൈ) പദ്ധതിയെക്കുറിച്ചാണ് ഈ ലക്കവും വിശദീകരിക്കുന്നത്. 27 സെക്ടറുകളിലായി 126 കോഴ്സുകളിലുള്ള പരിശീലനമാണ് വിദ്യാർത്ഥികൾക്ക് വേണ്ടി 112 പ്രോഗ്രാം ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) വഴി കുടുംബശ്രീ നടത്തുന്നത്. ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ ഏറ്റവും താത്പര്യമുള്ള കുട്ടികളെ കണ്ടെത്താനായി ഓരോ പഞ്ചായത്തിലും ഞങ്ങൾ നിയോഗിച്ചിട്ടുള്ളവരാണ് ഞങ്ങളുടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ (സിആർപി).

ഡിഡിയുജികെവൈ പദ്ധതിയുടെ ഗുണഭോക്താക്കളെ പ്രാദേശിക തലത്തിൽ നിന്ന് കണ്ടെത്താനും ഇവർക്ക് വേണ്ട പ്രാഥമിക വിവരം നൽകാനും വിവിധ ഏജൻസികളുടെ പരിശീലനങ്ങൾ തുടങ്ങുന്നതിന് മുമ്പ് തന്നെ തെരഞ്ഞെടുക്കൽ പ്രക്രിയയിലേക്ക് ഇവരെ എത്തിക്കാനുമൊക്കെയുള്ള കാര്യങ്ങൾ ഏകോപിപ്പിക്കുന്നത് ഓരോ പഞ്ചായത്തിലുമുള്ള സിആർപിമാരാണ്. കേരളത്തിലെ 941 പഞ്ചായത്തുകളിലായി 941 സിആർപിമാരെ ഞങ്ങൾ നിയോഗിച്ചിട്ടുണ്ട്. കുടുംബശ്രീ കുടുംബാംഗങ്ങളാണ് ഇവരെല്ലാം. കോഴ്സുകളെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ അറിയുക, ഓരോ കോഴ്സും ആരംഭിക്കുമ്പോൾ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തിട്ടുള്ള പരിശീലനാർത്ഥികൾക്ക് ഇതേക്കുറിച്ച് വിവരം നൽകി പരിശീലനത്തിനായി കുട്ടികളെ എത്തിക്കുക, കോഴ്സ് ആരംഭിച്ചു കഴിയുമ്പോൾ പരിശീലനാർത്ഥികൾക്ക് ആവശ്യമുള്ള പിന്തുണ നൽകുക തുടങ്ങിയവയൊക്കെയാണ് സിആർപിമാരുടെ കടമകൾ.

ഒരു കുട്ടിയെ പരിശീലനത്തിന് ചേർക്കുമ്പോഴും ആ കുട്ടി പഠനം പൂർത്തിയാക്കുമ്പോഴും പരിശീലനം നേടിയ ശേഷം ആ വ്യക്തിക്ക് ജോലി ലഭിക്കുമ്പോഴുമൊക്കെ ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഒരു സിആർപിക്ക് ലഭിക്കുന്ന വരുമാനം. പരിശീലനം നേടിയ ഒരു കുട്ടി മികച്ച ജോലി നേടി കരിയറിൽ മുന്നേറിയാൽ സിആർപിക്ക് കൂടുതൽ ഇൻസെന്റീവ് ലഭിക്കുന്നു. അതിനാൽ തന്നെ പരിശീലനം നേടാൻ ഏറ്റവും താത്പര്യമുള്ള കുട്ടികളെ തെരഞ്ഞെടുക്കാനുള്ള പ്രോത്സാഹനവും ഈ ഇൻസെന്റീവ് ഘടന വഴി സിആർപിമാർക്ക് ലഭിക്കുന്നു. പഠനം പൂർത്തിയാക്കി ജോലി ലഭിച്ച കുട്ടികളെ ഒരു വർഷക്കാലത്തേക്ക് 'പ്ലേസ്മെന്റ് ട്രാക്കിങ്' നടത്താനുള്ള ചുമതലയും സിആർപിമാർക്കാണ്.

ഗവൺമെന്റിന്റെ വിവിധ വകുപ്പുകളുടെ നേതൃത്വത്തിലും അല്ലാതെയും നിരവധി തൊഴിൽ പരിശീലന പദ്ധതികൾ നടക്കുന്നുണ്ടെങ്കിലും പരിശീലനത്തിന്റെ നിലവാരം കൊണ്ടും തൊഴിൽ ലഭ്യത കൊണ്ടും ഏറ്റവും മികച്ച ഫലമുണ്ടാക്കാൻ ഡിഡിയുജികെവൈയ്ക്ക് കഴിഞ്ഞതിൽ ഒരു പ്രധാന പങ്ക് ഞങ്ങളുടെ സിആർപിമാർ വഹിക്കുന്നു. ഓരോ പഞ്ചായത്തിലുമുള്ള സിആർപിമാരുടെ താത്പര്യവും പങ്കാളിത്തവും ആത്മാർത്ഥതയും പ്രതിബദ്ധതയുമാണ് എല്ലാവരിലേക്കും ഇതേക്കുറിച്ചുള്ള വിവരം എത്തിക്കാനും ഓരോ കോഴ്സിനും യോജിച്ച കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പിന്തുണ നൽകി അവരെ പ്രോത്സാഹിപ്പിക്കാനും ഞങ്ങളെ തുണയ്ക്കുന്നത്. അതിനാൽ തന്നെ ഡിഡിയുജികെവൈ പദ്ധതിയുടെ വിജയത്തിന് ഒരു പ്രധാന കാരണം ഞങ്ങളുടെ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരാണെന്ന് നിസ്സംശയം പറയാം.